ടി.കെ ഉബൈദ്

ഖുർആൻ ബോധനം

# 1158

# സൂറ – 40 / ഗാഫിർ

## സൂക്തം: 67 – 70

തീരെ നിസ്സഹായമായ അവസ്ഥയിൽ ജനിച്ചു വീണ ശിശു പിന്നെ ക്രമേണ വളർന്നു വലുതായി കരുത്തനാകുന്നു. അങ്ങനെ യൗവനവും മധ്യവയസ്സും പിന്നിട്ട് ഒടുവിൽ വാർധക്യം പ്രാപിക്കുന്നു. ചിലർ വാർധക്യത്തിലെത്തും മുമ്പേ മരിച്ചു പോകുന്നു. ചിലർക്ക് ഭൂമിയിലേക്ക് ജനിച്ചു വീഴും മുമ്പ് ഭ്രൂണ ദശയിൽ തന്നെ മരണം വിധിക്കപ്പെടുന്നു. ഓരോ ജീവിയുടെയും ആയുഷ്കാലം കൃത്യമായി നിശ്ചയിക്കപ്പെട്ടിരിക്കുന്നു. ജീവിതത്തിന്റെ ഓരോ ദശയും അടുത്ത ദശയെ ലക്ഷ്യമാക്കിയുള്ള സഞ്ചാരമാണ്. മരണത്തിലേക്കുള്ള അവിരാമമായ പ്രയാണമാണ് ജീവിതം.

هُوَ ٱلَّذِى خَلَقَكُم مِّن تُرَابٍ ثُمَّ مِن نُّطْفَةٍ ثُمَّ مِنْ عَلَقَةٍ ثُمَّ يُخْرِجُكُمْ طِفْلًا ثُمَّ لِتَبْلُغُوٓا۟ أَشُدَّكُمْ ثُمَّ لِتَكُونُوا۟ شُيُوخًا ۚ وَمِنكُم مَّن يُتَوَفَّىٰ مِن قَبْلُ ۖ وَلِتَبْلُغُوٓا۟ أَجَلًا مُّسَمًّى وَلَعَلَّكُمْ تَعْقِلُونَ ﴿٦٧﴾

67. അവനാകുന്നു നിങ്ങളെ മണ്ണിനാലും പിന്നെ രേതസ്കണത്താലും പിന്നെ സിക്തകോശത്താലും സൃഷ്ടിച്ചത്. പിന്നെ അവൻ നിങ്ങളെ ശിശുവായി ജനിപ്പിക്കുന്നു. പിന്നെ കരുത്തരാകാൻ വളർത്തുന്നു. പിന്നെ വാർധക്യത്തിലേക്കു നയിക്കുന്നു. നിങ്ങളിൽ ചിലർ നേരത്തെ മരണപ്പെടുന്നു; ഓരോരുത്തരും അവർക്ക് വിധിച്ച ആയുസ്സിലെത്തുന്നതിനും നിങ്ങൾ യാഥാർഥ്യം ഗ്രഹിക്കുന്നതിനും വേണ്ടിയാണിത്.

**67**

هُوَ الَّذِي خَلَقَكُمْ = അവനാകുന്നു നിങ്ങളെ സൃഷ്ടിച്ച(ത്)വൻ   مِّن تُرَابٍ = മണ്ണിനാൽ

ثُمَّ مِن نُّطْفَةٍ = പിന്നെ രേതസ്കണത്താൽ(ലും)   ثُمَّ مِنْ عَلَقَةٍ = പിന്നെ ഒട്ടിനിൽക്കുന്നതിനാൽ (സിക്തകോശത്താലും)

ثُمَّ يُخْرِجُكُمْ = പിന്നെ അവൻ നിങ്ങളെ പുറത്തു വരുത്തുന്നു (ജനിപ്പിക്കുന്നു)   طِفْلًا = ശിശുവായിട്ട്

ثُمَّ لِتَبْلُغُوا أَشُدَّكُمْ = പിന്നെ നിങ്ങൾ നിങ്ങളുടെ കരുത്തു പ്രാപിക്കാൻ (കരുത്തരാവാൻ വളർത്തുന്നു)

ثُمَّ لِتَكُونُوا شُيُوخًا = പിന്നെ നിങ്ങൾ വൃദ്ധരാകുന്നതിന് (വാർധക്യത്തിലേക്ക് നയിക്കുന്നു)

وَمِنكُم مَّن = നിങ്ങളിൽ ചിലർ   يُتَوَفَّىٰ = മരിപ്പിക്ക(മരണ)പ്പെടുന്നു   مِن قَبْلُ = നേരത്തെ

وَلِتَبْلُغُوا أَجَلًا مُّسَمًّى = അവർ നിശ്ചിത അവധി പ്രാപിക്കാൻ (ഓരോരുത്തരും അവർക്ക് വിധിച്ച ആയുസ്സിലെത്തുന്നതിനും)

وَلَعَلَّكُمْ تَعْقِلُونَ = നിങ്ങൾ യാഥാർഥ്യം ഗ്രഹിക്കുന്നതിനും വേണ്ടി (യാണിത്)

മനുഷ്യ ജീവിതത്തിൽ തന്നെയുള്ള മറ്റു ചില ദൃഷ്ടാന്തങ്ങളെക്കുറിച്ചുണർത്തുകയാണ്. നിങ്ങളുടെ ജീവിതത്തിന്റെ വിവിധ ദശകളെക്കുറിച്ചാലോചിച്ചു നോക്കുക. മണ്ണിൽനിന്നാണ് മനുഷ്യനെ സൃഷ്ടിച്ചു തുടങ്ങുന്നത്. ആദിപിതാവ് ആദം (അ) മണ്ണിൽനിന്ന് നേരിട്ട് സൃഷ്ടിക്കപ്പെട്ടതാണെന്ന കാര്യം സുവിദിതമാണ്. ഖുർആൻ അത് ആവർത്തിച്ച് പരാമർശിച്ചിരിക്കുന്നു. ഉദാ: 6:2, 7:12, 37:11, 38:71 സൂക്തങ്ങൾ. എന്നാൽ മനുഷ്യോൽപത്തി മണ്ണിൽനിന്നാകുന്നു എന്നത് ഓരോ വ്യക്തിയുടെ ഉൽപത്തിയുടെ കാര്യത്തിലും ശരിയാണ്. ഭൗമിക പദാർഥങ്ങളിൽനിന്ന് രൂപം കൊണ്ടതാണ് ഓരോ മനുഷ്യ ശരീരവും. ഓരോ

ആണിന്റെയും ഉരസ്സിൽ ഉത്ഭൂതമാകുന്ന ബീജവും പെണ്ണിൽ ഉത്ഭൂതമാകുന്ന അണ്ഡവും ഭൗമിക പദാർഥങ്ങളാൽ സൃഷ്ടിക്കപ്പെടുന്നതാണ്. 23:12-ലെ وَلَقَدْ خَلَقْنَا الْإِنسَانَ مِن سُلَالَةٍ مِّن طِينٍ (മനുഷ്യനെ നാം മണ്ണിന്റെ സത്തിൽനിന്ന് സൃഷ്ടിച്ചു) എന്ന വചനത്തിലൂടെ ഖുർആൻ അത് സൂചിപ്പിക്കുന്നുണ്ട്. മണ്ണിൽ നിന്നുള്ള മൂലഘടകങ്ങളെ പിന്നെ ബീജദ്രാവകമാക്കി പരിവർത്തിപ്പിക്കുന്നു. ആ ബീജം പിന്നെ സ്ത്രീയുടെ അണ്ഡവുമായി ചേർന്ന് അവളുടെ ഉദരത്തിൽ ഒരു സിക്ത കോശമാകുന്നു. ആ കോശം വളർന്ന് ഒടുവിൽ ശിശുവായി പ്രസവിക്കപ്പെടുന്നു. 23:13-14 സൂക്തങ്ങൾ ഈ പരിണാമ ദശകളെ കുറെക്കൂടി വിശദമായി അവതരിപ്പിക്കുന്നുണ്ട്.

ثُمَّ جَعَلْنَاهُ نُطْفَةً فِي قَرَارٍ مَّكِينٍ ﴿١٣﴾ ثُمَّ خَلَقْنَا النُّطْفَةَ عَلَقَةً فَخَلَقْنَا الْعَلَقَةَ مُضْغَةً فَخَلَقْنَا الْمُضْغَةَ عِظَامًا فَكَسَوْنَا الْعِظَامَ لَحْمًا ثُمَّ أَنشَأْنَاهُ خَلْقًا آخَرَ ۚ فَتَبَارَكَ اللَّهُ أَحْسَنُ الْخَالِقِينَ ﴿١٤﴾

(എന്നിട്ടാ മൺസത്തിനെ ഒരു സുരക്ഷിത സ്ഥാനത്തുള വാകുന്ന ശുക്ലബീജമാക്കി. അനന്തരം ശുക്ലബീജത്തെ സിക്ത കോശമായി രൂപപ്പെടുത്തി. പിന്നെ സിക്തകോശത്തെ ചർവ്വണ മാംസമാക്കി. എന്നിട്ടാ ചർവണ മാംസത്തെ അസ്ഥികളാക്കി പടച്ചു. പിന്നെ അസ്ഥികളെ മാംസം പൊതിഞ്ഞു. അനന്തരം അതിനെ തികച്ചും മറ്റൊരു സൃഷ്ടിയാക്കി വളർത്തിയെടുത്തു. ഏറ്റം സുന്ദരമായി സൃഷ്ടിക്കുന്ന അല്ലാഹു അളവറ്റ അനുഗ്രഹമുടയവൻ തന്നെ). വിശദീകരണം *ഖുർആൻ ബോധനം* പ്രസ്തുത സൂക്തത്തിനു താഴെ കാണുക. ബീജാണ്ഡ സംയുക്തം ശിശുവായി ജന്മം കൊള്ളുന്നത് പരാമർശിച്ച ശേഷം ഉളവാകുന്ന പരിവർത്തന ദശകളെക്കുറിച്ച് പറയുകയാണ് ഈ സൂക്തം. തീരെ നിസ്സഹായമായ അവസ്ഥയിൽ ജനിച്ചു വീണ ശിശു പിന്നെ ക്രമേണ വളർന്നു വലുതായി കരുത്തനാകുന്നു. അങ്ങനെ യൗവനവും മധ്യവയസ്സും പിന്നിട്ട് ഒടുവിൽ വാർധക്യം പ്രാപിക്കുന്നു. ചിലർ വാർധക്യത്തിലെത്തും മുമ്പേ മരിച്ചു പോകുന്നു. ചിലർക്ക് ഭൂമിയിലേക്ക് ജനിച്ചു വീഴും മുമ്പ് ഭ്രൂണ ദശയിൽ തന്നെ മരണം വിധിക്കപ്പെടുന്നു. ഓരോ ജീവിയുടെയും ആയുഷ്കാലം കൃത്യമായി നിശ്ചയിക്കപ്പെട്ടിരിക്കുന്നു. ജീവിതത്തിന്റെ ഓരോ ദശയും അടുത്ത ദശയെ ലക്ഷ്യമാക്കിയുള്ള സഞ്ചാരമാണ്. മരണത്തിലേക്കുള്ള അവിരാമമായ പ്രയാണമാണ് ജീവിതം. തന്റെ യാത്ര അവസാനിക്കുന്നത് എന്നാണെന്നോ എവിടെയാണെന്നോ യാത്രികൻ അറിയുന്നില്ല. പക്ഷെ, സ്രഷ്ടാവ് അതെല്ലാം കണിശമായി നിർണയിച്ചു വച്ചിരിക്കുന്നു:

وَاللَّهُ خَلَقَكُم مِّن تُرَابٍ ثُمَّ مِن نُّطْفَةٍ ثُمَّ جَعَلَكُمْ أَزْوَاجًا ۚ وَمَا تَحْمِلُ مِنْ أُنثَىٰ وَلَا تَضَعُ إِلَّا بِعِلْمِهِ ۚ وَمَا يُعَمَّرُ مِن مُّعَمَّرٍ وَلَا يُنقَصُ مِنْ عُمُرِهِ إِلَّا فِي كِتَابٍ ۚ

(അല്ലാഹു നിങ്ങളെ മണ്ണിൽനിന്നും പിന്നെ ശുക്ലത്തിൽ നിന്നുമായി സൃഷ്ടിച്ചു. എന്നിട്ട് ആൺ പെൺ ഇണകളാക്കി. ഒരു സ്ത്രീയും ഗർഭിണിയാകുന്നില്ല, പ്രസവിക്കുന്നുമില്ല അത് അവന്റെ ജ്ഞാനത്തിലുണ്ടായിട്ടല്ലാതെ. വൃദ്ധജനം വാർധക്യത്തിലെത്തുന്നില്ല, ആരുടെയും ആയുസ്സ് അൽപവും കുറയുന്നുമില്ല അതൊക്കെയും ഒരു പട്ടികയിൽ രേഖപ്പെട്ടിട്ടല്ലാതെ -35:11).

وَنُقِرُّ فِي الْأَرْحَامِ مَا نَشَاءُ إِلَىٰ أَجَلٍ مُّسَمًّى ثُمَّ نُخْرِجُكُمْ طِفْلًا ثُمَّ لِتَبْلُغُوا أَشُدَّكُمْ ۖ وَمِنكُم مَّن يُتَوَفَّىٰ وَمِنكُم مَّن يُرَدُّ إِلَىٰ أَرْذَلِ الْعُمُرِ لِكَيْلَا يَعْلَمَ مِن بَعْدِ عِلْمٍ شَيْئًا ۚ

(നാം ഇഛിക്കുന്ന ഭ്രൂണങ്ങളെ നിശ്ചിതകാലം ഗർഭാശയത്തിൽ വസിപ്പിക്കുന്നു. പിന്നെ ശിശുവായി ജനിപ്പിക്കുന്നു. പിന്നെ യൗവനത്തിലെത്താൻ പരിപാലിക്കുന്നു. ചിലരെ നേരത്തെ മരിപ്പിക്കുന്നു. ചിലർ അവശ വാർധക്യത്തിലേക്ക് തള്ളപ്പെടുന്നു. എല്ലാം അറിഞ്ഞ ശേഷം ഒന്നും അറിയാത്ത വരായിത്തീരാൻ -22:5).

ജീവിതം ബാല്യ-കൗമാര-യൗവന-വാർധക്യ ദശകൾ പിന്നിട്ട് മരണത്തിലെത്തുക പ്രകൃതി നിയമമാണെന്ന് എല്ലാവർക്കും അറിയാം. ഈ പ്രകൃതി യാദൃഛികമായി, അലക്ഷ്യമായി ഉളവായതല്ല, പ്രത്യുത സർവജ്ഞനായ സ്രഷ്ടാവിന്റെ ആസൂത്രിതവും സോദ്ദേശ്യവുമായ സംവിധാനമാകുന്നു എന്നുണർത്തുകയാണ് ഖുർആൻ. സൃഷ്ടികൾക്ക് അല്ലാഹുവിനെയും അവന്റെ സൃഷ്ടി ലക്ഷ്യത്തെയും മനസ്സിലാക്കുവാൻ വളരെ സഹായകമാണ് സ്വജീവിതത്തിന്റെ ഈ ദശാന്തരങ്ങൾ. ●

هُوَ ٱلَّذِى يُحْىِۦ وَيُمِيتُ ۖ فَإِذَا قَضَىٰٓ أَمْرًا فَإِنَّمَا يَقُولُ لَهُۥ كُن فَيَكُونُ ﴿٦٨﴾

68. ജീവിതമരുളുന്നതവനാകുന്നു. മരണമേകുന്നതും അവൻ തന്നെ. അവൻ ഒരു കാര്യം വിധിച്ചാൽ 'ഉണ്ടാവട്ടെ' എന്നു കൽപിക്കുകയേ വേണ്ടൂ. ഉടനെ അതുണ്ടാകുന്നു.

**68**

هُوَ الَّذِي يُحْيِي = അവനാകുന്നു ജീവിതമരുളുന്ന(ത്)വൻ

وَيُمِيتُ = അവൻ മരിപ്പിക്കുന്നു(മരണമേകുന്നതും അവൻ തന്നെ) فَإِذَا قَضَىٰ أَمْرًا = അവൻ ഒരു കാര്യം വിധിച്ചാൽ

فَإِنَّمَا يَقُولُ لَهُ = അപ്പോൾ അവൻ അതിനോട് പറയുക മാത്രമാകുന്നു (കൽപിക്കുകയേ വേണ്ടൂ)

كُن = ഉണ്ടാവട്ടെ, ഭവിക്കട്ടെ (എന്ന്) فَيَكُونُ = ഉടനെ അത് ഉണ്ടാകുന്നു, സംഭവിക്കുന്നു

പ്രപഞ്ചത്തിലെ സകല ജീവജാലങ്ങളെയും ജനിപ്പിക്കുന്നതും ജീവിപ്പിക്കുന്നതും മരിപ്പിക്കുന്നതും അല്ലാഹു മാത്രമാകുന്നു. അതിനു കഴിവുള്ള മറ്റൊരു ശക്തിയുമില്ല. പ്രപഞ്ചവും അതിലെ ചരാചരങ്ങളും സൃഷ്ടിച്ചു പരിപാലിക്കുവാൻ സർവജ്ഞനും സർവശക്തനുമായ അല്ലാഹുവിന്ന് ആരുടെയും സഹായം വേണ്ട. താനുദ്ദേശിക്കുന്നതെന്തും സൃഷ്ടിക്കുക അവന് അനായാസമാകുന്നു. 'ഉണ്ടാകട്ടെ' എന്നു കൽപിക്കുകയേ വേണ്ടു. ഉടനെ അതുണ്ടാകുന്നു. പങ്കാളികളും സഹകാരികളുമില്ലാത്ത ഈ അല്ലാഹുവിലാണ് ഞാൻ വിശ്വസിക്കുന്നത്. അവനെ മാത്രമേ ഞാൻ ആരാധിക്കുകയുള്ളൂ. അവനല്ലാത്തവരോടുള്ള വിധേയത്വവും പ്രാർഥനയും നിങ്ങൾ എന്നിൽനിന്ന് ഒട്ടും പ്രതീക്ഷിക്കേണ്ടതില്ല. പ്രവാചകനും ശിഷ്യന്മാരും ഇസ്‌ലാം ഉപേക്ഷിച്ച് പൂർവ മതത്തിലേക്ക് മടങ്ങണമെന്ന ഖുറൈശികളുടെ ആവശ്യത്തിന്ന് പ്രവാചകൻ നൽകുന്ന അസന്ദിഗ്ധമായ അവസാന വാക്കാണിത്. ●

69. അല്ലാഹുവിന്റെ സൂക്തങ്ങളിൽ തർക്കിക്കുന്നവരെ നീ കണ്ടില്ലേയോ? എങ്ങനെയാണവർ യഥാർഥ്യത്തിൽനിന്ന് തെറ്റിക്കപ്പെടുന്നത്?

أَلَمْ تَرَ إِلَى ٱلَّذِينَ يُجَٰدِلُونَ فِىٓ ءَايَٰتِ ٱللَّهِ أَنَّىٰ يُصْرَفُونَ ﴿٦٩﴾

**69**

أَلَمْ تَرَ = നീ കണ്ടില്ലേയോ

إِلَى الَّذِينَ يُجَادِلُونَ فِي آيَاتِ اللَّهِ = അല്ലാഹുവിന്റെ ദൃഷ്ടാന്തങ്ങളിൽ തർക്കിക്കുന്നവരെ

أَنَّى يُصْرَفُونَ = എവിടെ നിന്നാണ് (എങ്ങനെയാണ്) അവർ (യാഥാർഥ്യത്തിൽനിന്ന്) തെറ്റിക്കപ്പെടുന്നത്

ഓരോ മനുഷ്യനും താനുൾക്കൊള്ളുന്ന വിശാലമായ പ്രപഞ്ചത്തിലും സ്വന്തം ജന്മത്തിൽ തന്നെയും കാണാവുന്നതായി മുൻ സൂക്തങ്ങൾ വിശദമാക്കിയ സ്പഷ്ടമായ ദൈവിക ദൃഷ്ടാന്തങ്ങൾ ബുദ്ധിപൂർവം മനസ്സിലാക്കുന്നവർക്ക് അത് പ്രവാചക സന്ദേശം സ്വീകരിക്കാനുള്ള അനിഷേധ്യമായ ന്യായമാണ്. പക്ഷെ, ഈ അവിശ്വാസികൾ ഈ ദൃഷ്ടാന്തങ്ങളെക്കുറിച്ചെല്ലാം തർക്കിക്കുകയാണ്. ഉന്നയിക്കപ്പെടുന്ന തർക്കങ്ങൾ നേരത്തെ പല രീതിയിൽ അവതരിപ്പിച്ചു കഴിഞ്ഞതാണ്. അതിന്റെ ആകത്തുക ഇതാണ്: ദൃഷ്ടാന്തങ്ങളായി ചൂണ്ടിക്കാണിക്കപ്പെടുന്ന കാര്യങ്ങളൊന്നും ദൈവിക ദൃഷ്ടാന്തങ്ങളല്ല. അതെല്ലാം പ്രപഞ്ചം ഉണ്ടായപ്പോൾ യാദൃച്ഛികമായി. സ്വയം ഉണ്ടായി വന്നതാണ്. അതിനൊന്നും സ്രഷ്ടാവില്ല. ഇനി ഉണ്ടെങ്കിൽ തന്നെ ആസൂത്രിതമായും സോദ്ദേശ്യമായും സൃഷ്ടിച്ചതല്ല. ഒരു ദൈവത്തിന് ഒറ്റക്ക് ഇതൊന്നും സൃഷ്ടിക്കാനാവില്ല. പ്രപഞ്ചം നിർമിക്കപ്പെട്ടതാണെങ്കിൽ പല നിർമാതാക്കളുടെ നിർമിതിയാണത്. ബുദ്ധിയുള്ള മനുഷ്യൻ അവന്റെ മാർഗം സ്വയം കണ്ടെത്തണം. മനുഷ്യനെ മാർഗദർശനം ചെയ്യാൻ ദൂതന്മാരെ നിയോഗിക്കുന്ന പരിപാടിയൊന്നും ദൈവത്തിനില്ല. മനുഷ്യൻ മരിക്കുന്നതോടെ ശൂന്യതയിൽ ലയിക്കുകയാണ്. പിന്നെ ഉയിർത്തെഴുന്നേൽപുനാളോ പരലോക ജീവിതമോ ഇല്ല....! തന്നിലും താനുൾക്കൊള്ളുന്ന പ്രപഞ്ചത്തിലും പ്രകടമാകുന്ന പ്രതിഭാസങ്ങളൊക്കെയും അവക്കു പിന്നിൽ യുക്തിമാനും സർവജ്ഞനുമായ ദൈവത്തിന്റെ സാന്നിധ്യവും സൃഷ്ടികളുടെ ജനിമൃതികളുടെ ആവർത്തനവും വിളിച്ചോതുമ്പോൾ ഇക്കൂട്ടർക്ക് ഇങ്ങനെ തർക്കിക്കാൻ കഴിയുന്നതെങ്ങനെയാണ്? ആരാണവരെ വഴിതെറ്റിക്കുന്നത്? ●

---

70. ഈ വേദത്തെയും നമ്മുടെ ദൂതന്മാരിലൂടെ നാം അയച്ചിട്ടുള്ള സന്മാർഗ സന്ദേശങ്ങളെയൊക്കെയും തള്ളിപ്പറയുന്നവരുണ്ടല്ലോ, അടുത്തുതന്നെ അവരതിന്റെ തിക്തഫലം അറിയുന്നുണ്ട്.

ٱلَّذِينَ كَذَّبُوا۟ بِٱلْكِتَٰبِ وَبِمَآ أَرْسَلْنَا بِهِۦ رُسُلَنَا ۖ فَسَوْفَ يَعْلَمُونَ ﴿٧٠﴾

**70**

الَّذِينَ كَذَّبُوا بِالْكِتَابِ = ഈ വേദത്തെ തള്ളിപ്പറയുന്നവർ (ഉണ്ടല്ലോ)

وَبِمَا أَرْسَلْنَا بِهِ رُسُلَنَا = നമ്മുടെ ദൂതന്മാരെ(രിലൂടെ) നാം അയച്ചിട്ടുള്ളതെന്തുമായിട്ടാണോ അതിനെയും

(അയച്ചിട്ടുള്ള സന്മാർഗ സന്ദേശങ്ങളെയൊക്കെയും)

فَسَوْفَ يَعْلَمُونَ = അടുത്തു(തന്നെ) അവർ (അതിന്റെ തിക്തഫലം) അറിയുന്നുണ്ട്

ഇക്കൂട്ടർ നിഷേധിക്കുന്നത് പ്രാപഞ്ചിക പ്രതിഭാസങ്ങളിൽ പ്രകാശിക്കുന്ന ദൈവിക ദൃഷ്ടാന്തങ്ങൾ മാത്രമല്ല, അജ്ഞത മൂലം ആ ദൃഷ്ടാന്തങ്ങൾ ഗ്രഹിക്കാൻ കഴിയാത്തവരെ അതിലേക്കുണർത്തുന്നതിനുവേണ്ടി അല്ലാഹു അവതരിപ്പിച്ച ഈ ഖുർആൻ ഉൾപ്പെടെയുള്ള വേദഗ്രന്ഥങ്ങളെയും, തന്റെ ദൂതന്മാരിലൂടെ അല്ലാഹു മനുഷ്യരിലേക്കയച്ച സന്ദേശങ്ങളെയും സന്മാർഗ നിയമങ്ങളെയുമെല്ലാം നിഷേധിക്കുകയാണവർ. ഇവിടെ അഭിസംബോധിതർ ഈ സൂക്തങ്ങൾ കേൾപ്പിക്കപ്പെടുന്ന എല്ലാവരുമാണ്. അക്കൂട്ടത്തിൽ പൂർവവേദങ്ങളിൽ വിശ്വസിക്കുന്നവരുണ്ടാവാം. പൂർവ പ്രവാചകന്മാരെ പിൻപറ്റുന്നവരുമുണ്ടാകാം. പക്ഷെ, അന്തിമ 'അൽകിതാബ്' -വേദം ആണ് ഖുർആൻ. എല്ലാ വേദങ്ങളുടെയും മൗലികമായ തത്ത്വങ്ങൾ ഒന്നാണ്. വേദത്തിന്റെ ഈ അവസാന പതിപ്പിനെ നിഷേധിക്കുന്ന വേദവാഹകർ ഫലത്തിൽ തങ്ങൾ വഹിക്കുന്ന വേദത്തെയും നിഷേധിക്കുകയാണ്. കാരണം പൂർവവേദങ്ങൾ പ്രവചിച്ചിട്ടുള്ളതാണ് ഈ വേദത്തിന്റെ ആഗമനം. പൂർവവേദ തത്ത്വങ്ങളുടെ പരിഷ്കരണവും പോഷണവുമാണ് പുതിയ വേദം. മുർസലുകളുടെ കാര്യവും ഇതുതന്നെ. എല്ലാ പ്രവാചകന്മാരുടെയും മൗലിക സന്ദേശം ഒന്നാണ്. പൂർവ പ്രവാചകന്മാരുടെ സന്ദേശം വിസ്മൃതമാകുമ്പോഴും കൂടുതൽ വിശദീകരണം ആവശ്യമാകുമ്പോഴുമാണ് പുതിയ പ്രവാചകന്മാർ അയക്കപ്പെടുന്നത്. അദ്ദേഹത്തെ നിഷേധിക്കുന്നവർ പൂർവപ്രവാചകനെയും നിഷേധിക്കുന്നവരാകുന്നു. ദൈവിക ദൃഷ്ടാന്തങ്ങളും വേദഗ്രന്ഥങ്ങളും ദൈവദൂതന്മാരും നിഷേധിക്കപ്പെടുന്നത് ദൈവത്തോടും ധർമത്തോടുമുള്ള ധിക്കാരം കൊണ്ടും ജഢികാസക്തികളോടുള്ള വിധേയത്വം കൊണ്ടുമാണ്. അത്തരം ആളുകൾ അവരുടെ നിലപാടിന്റെ അനന്തരഫലം ഏറെ താമസിയാതെ അറിയുന്നുണ്ട്. ●